I ഇ.ബി. XIV - കേരള നിയമസഭ /V-17

**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 19, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രതിസന്ധി

മി. ഡെപ്യൂട്ടി സ്പീക്കർ: മഞ്ചേരി മെഡിക്കൽ കോളേജിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡപ്രകാരമുള്ള അദ്ധ്യാപകരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാത്തതും മെഡിക്കൽ കോളേജ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതുംമൂലം കഴിഞ്ഞ

നാല് ദിവസമായി മെഡിക്കൽ വിദ്യാർത്ഥികൾ നടത്തുന്ന നിരാഹാര സമരം കാരണം മെഡിക്കൽ പഠന രംഗത്ത് ഉളവായ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, വി.പി. സജീന്ദ്രൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെയാണ് 2012-ൽ മഞ്ചേരി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചത്. നാല് ബാച്ചുകളിലായി നാനൂറോളം എം.ബി.ബി.എസ്. വിദ്യാർത്ഥികൾ ഇവിടെ പഠിക്കുകയാണ്. വിദ്യാർത്ഥികളുടെ പഠനത്തിനും ആശുപത്രി നടത്തിപ്പിനുമാവശ്യമായ സൗകര്യമൊരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഈ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഫലമായി 2017-18 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 21 കോടി രൂപ ചെലവിൽ ആരംഭിച്ച അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായിട്ടുണ്ട്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ, അദ്ധ്യാപക/അനദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി

നൽകിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ 261 അദ്ധ്യാപക/അനദ്ധ്യാപകരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുകയും 40 തസ്തികകളിൽ ഔട്ട് സോഴ്സിംഗ് വഴി നിയമനം നടത്തുകയും ഏഴ് തസ്തികകൾ മറ്റ് കോളേജുകളിൽ നിന്ന് സ്ഥലം മാറ്റി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി., പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ മുഖേന നികത്തുന്നതാണ്. മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ തസ്തികകൾ അനുവദിക്കുന്നതോടെ ഇവിടെ നിലനിൽക്കുന്ന ദ്വിഭരണ സമ്പ്രദായം ഒഴിവാക്കി സുഗമമായ പ്രവർത്തനം സാദ്ധ്യമാകുന്നതാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ജനറൽ സർജറി വിഭാഗത്തിൽ മൂന്ന് അദ്ധ്യാപകരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ആശുപത്രിയിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരാഹാര സമരം നടത്തുന്ന വിദ്യാർത്ഥികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി.

ശ്രീ. എം. ഉമ്മർ: കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിച്ചത്. ജനസംഖ്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിൽ സാധാരണക്കാരായ വിദ്യാർത്ഥികളാണ് പഠിക്കുന്നത്. കോളേജിന്റെ നിലനിൽപ്പ്

പ്രതിസന്ധിയിലായ ഘട്ടത്തിലാണ് കഴിഞ്ഞ നാല് ദിവസമായി എട്ട് വിദ്യാർത്ഥികൾ നിരാഹാര സമരം നടത്തുന്നത്. വിവിധ ജില്ലകളിലുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനം യാതൊരുവിധ ആരോപണത്തിനും ഇടനൽകാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തുച്ഛമായ ശമ്പളമാണ് താൽക്കാലിക ജൂനിയർ ഡോക്ടർക്ക് നൽകി വരുന്നത്. ഗവൺമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മയാണ് ഇവിടെ പ്രതിഫലിക്കുന്നത്. വിദ്യാർത്ഥികളിൽ നിന്ന് പിരിച്ചെടുത്ത തുക ഉപയോഗിച്ചാണ് ആശുപത്രി കെട്ടിടവും ഹോസ്റ്റലും നിർമ്മിച്ചത്. മഞ്ചേരി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ ഈ സർക്കാരിന് വ്യക്തമായ നയമുണ്ട്. വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ലാതെയാണ് മഞ്ചേരി മെഡിക്കൽ കോളേജിന് തുടക്കം കുറിച്ചത്. 23 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിന് കൂടുതൽ സ്ഥലം ആവശ്യമാണ്. ഒരു മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് കോടിക്കണക്കിന് രൂപയാണ്

വേണ്ടത്. നിലവിലെ മെഡിക്കൽ കോളേജുകളിലെ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിന് 1399 പുതിയ തസ്തികകളാണ് ഈ വർഷം സൃഷ്ടിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന് മഞ്ചേരി മെഡിക്കൽ കോളേജിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ സാധിച്ചിട്ടില്ല. ഇവിടെ ഒരു ആധുനിക ലൈബ്രറി എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയത് ഈ ഗവൺമെന്റാണ്. ഈ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി 146 കോടി രൂപ നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പണം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരമുള്ള സ്റ്റാഫിന്റെ അപര്യാപ്തതകൊണ്ടാണ് കുട്ടികൾ ഇപ്പോൾ സമരം നടത്തുന്നത്. അത് പരിഹരിക്കുന്നതിന് എം.സി.ഐ.-യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഈ മെഡിക്കൽ കോളേജിനെ ഉന്നത നിലവാരത്തിലെത്തിക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരുടേയും സഹകരണം ആവശ്യമാണ്. സമരത്തിലേർപ്പെട്ടിരിക്കുന്ന കുട്ടികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. സർജറി വിഭാഗത്തിലെ 3 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുവായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ എം.സി.ഐ.-യുടെ അംഗീകാരം നിലനിർത്തിക്കൊണ്ട് മഞ്ചേരി മെഡിക്കൽ

കോളേജിൽ 1032 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചത് അംഗീകരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. കെട്ടിട നിർമ്മാണത്തിനും ഫാക്കൽറ്റിക്കുമുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കും സർക്കാർ ശ്രമിക്കുന്നുണ്ട്. മെഡിസിൻ, ഗൈനക്ക് എന്നീ വിഭാഗങ്ങൾക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നേരിട്ടും ഫാക്കൽറ്റികളെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനെ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു മെഡിക്കൽ കോളേജാക്കി മാറ്റുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മെഡിക്കൽ വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും കൂടുതൽ മെച്ചപ്പെടുത്താനാണ് കഴിഞ്ഞ സർക്കാർ 1440 തസ്തികകൾ അനുവദിച്ചതും 5 മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതും. ജനസാന്ദ്രത കൂടിയ കേരളം പോലുള്ള സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 200 ഏക്കർ സ്ഥലം ലഭ്യമാക്കുക എന്നത് പ്രയാസകരമാണ്. പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സമ്പൂർണ്ണമായ ആരോഗ്യ പരിപാലനം യാഥാർത്ഥ്യമാക്കാനാണ് കഴിഞ്ഞ സർക്കാർ മെഡിക്കൽ

കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. ഡെങ്കിപ്പനി വ്യാപകമായതിനെത്തുടർന്ന് നിരവധിപേർ ഇപ്പോൾ ആശുപത്രിയിൽ ചികിത്സ തേടിക്കൊണ്ടിരിക്കുകയാണ്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം സംസ്ഥാനത്ത് നടത്താത്തതാണ് ഇതിന് കാരണം. സംസ്ഥാനത്ത് ഏറ്റവുമധികം ജനസംഖ്യയുള്ള, ആരോഗ്യ രംഗത്ത് പിന്നോക്കം നിൽക്കുന്ന ജില്ലയായതിനാലാണ് കഴിഞ്ഞ ഗവൺമെന്റ് മലപ്പുറത്ത് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ തീരുമാനിച്ചത്. മഞ്ചേരി മെഡിക്കൽ കോളേജിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും അനുവദിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ നിരാഹാര സമരം അവസാനിപ്പിക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തേണ്ടതാണ്. സമരം നടത്തുന്ന വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നൽകിയ ഉറപ്പ് മാനിക്കുന്നു.

## II ശ്രദ്ധക്ഷണിക്കൽ

### (1) റോഡ്/പൊതു നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. കൃഷ്ണൻ: നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവുംമൂലം റോഡ്/പൊതു നിർമ്മാണ മേഖല പ്രതിസന്ധിയിലായിരിക്കുകയാണ്. വടക്കൻ ജില്ലകളിൽ നിയന്ത്രണമേർപ്പെടുത്തിയതിനാൽ ചെങ്കൽ ഖനനം തടസ്സപ്പെട്ടിരിക്കുകയാണ്. ഡാമുകളിൽ നിന്നും നദികളിൽ നിന്നും ശേഖരിക്കുന്ന

മണലിന്റെ ഓഡിറ്റ് നടത്തി ലൈസൻസ് നൽകുന്ന സ്ഥിതി പുനഃസ്ഥാപിക്കണം. നിർമ്മാണ വസ്തുക്കളുടെ അപര്യാപ്തതമൂലം ഗവൺമെന്റിന്റേതടക്കമുള്ള മരാമത്ത് പണികൾ കരാറുകാർ നിർത്തിവച്ചിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽനിന്ന് മണലും മറ്റ് നിർമ്മാണവസ്തുക്കളും സംസ്ഥാനത്ത് എത്തിക്കുന്നത് നിയന്ത്രിച്ചതിനാൽ വിവിധ മേഖലകൾ തൊഴിൽ സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. സാമൂഹ്യ ജീവിതത്തേയും വികസനത്തേയും ബാധിക്കുന്ന ഗൗരവമായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പാരിസ്ഥിതിക ആഘാത നിർണ്ണയ വിജ്ഞാപനത്തിൽ വരുത്തിയ ഭേദഗതിയനുസരിച്ചും സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിലും അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ഭൂമിയിൽ നിന്നും ധാതുക്കൾ ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാനും പാരിസ്ഥിതിക അനുമതിയും ആവശ്യമാണ്. ഖനനാനുമതിയില്ലാത്ത ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നതിനാൽ മെറ്റലും എം.സാന്റും സിമന്റും ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ വില വർദ്ധിച്ചു. സിമന്റിന്റെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ഉല്പാദകരും ഡീലർമാരുമായും ഗവൺമെന്റ് ചർച്ച നടത്തുകയുണ്ടായി. ഡാമുകളിൽ നിന്നും

അനുവദനീയമായ രീതിയിൽ മണൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുന്നതോടെ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഖനന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരുടെ യോഗങ്ങൾ വിളിച്ചുചേർക്കുകയും പാരിസ്ഥിതിക അനുമതിക്കായുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനമെടുക്കാത്തപക്ഷം അനുമതി ലഭിച്ചതായി കണക്കാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഖനനാനുമതി നൽകുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപടിയെടുക്കുന്നതാണ്. നിർമ്മാണവസ്തുക്കളുമായി പോകുന്ന പെർമിറ്റുള്ള വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കരുതെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) <u>സൈബർ സുരക്ഷാ സംവിധാനം</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ. എസ്. ശർമ്മ, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. പി. ഉബൈദുള്ള</u> : വാണാക്രൈ വൈറസ് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സൈബർ സുരക്ഷാ സംവിധാനം

ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വൈറസ് ആക്രമണം 150-ലേറെ രാജ്യങ്ങളുടെ കമ്പ്യൂട്ടർ ശൃംഖലകളെ ബാധിച്ചിരിക്കുകയാണ്. ഇന്ത്യയെ ഇത് സാരമായി ബാധിച്ചിട്ടില്ലെങ്കിലും സ്ഥിതി അതീവഗുരുതരമാണെന്ന് കേന്ദ്ര സർക്കാരിന്റെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം വിലയിരുത്തിയിട്ടുണ്ട്. കേരളത്തേയും ഇത് ചെറിയ തോതിൽ ബാധിച്ചിട്ടുണ്ട്. സൈബർ ആക്രമണം ഉണ്ടാകാതിരിക്കുന്നതിനായി സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ജില്ലകൾതോറും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എസ്. ശർമ്മ : വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലധിഷ്ഠിതമായ കമ്പ്യൂട്ടറുകളെയാണ് വാണാക്രൈ വൈറസ് ബാധിച്ചിരിക്കുന്നത്. സംസ്ഥാനത്ത് സ്വതന്ത്ര സോഫ്റ്റ്‌വെയറിന് പ്രാധാന്യം നൽകിയിരിക്കുന്നതിനാലാണ് വലിയതോതിലുള്ള വൈറസ് ആക്രമണം ഉണ്ടാകാത്തത്. സൈബർ സെക്യൂരിറ്റി സംവിധാനത്തെക്കുറിച്ച് സഭ അവസാനിക്കുന്നതിനുമുമ്പ് ചട്ടം 300 അനുസരിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ പ്രസ്താവന നടത്തുന്നത് ഉചിതമായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ലോകത്ത് ഭീഷണിയായി നിൽക്കുന്ന ഈ വൈറസിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്ത് സൈബർ സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തെയും അനുബന്ധ സംവിധാനങ്ങളെയുമാണ് വാണാക്രൈ വൈറസ് പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. വൈറസ് ആക്രമണമുണ്ടാകുന്ന കമ്പ്യൂട്ടറുകളിലെ വിവരങ്ങൾ ബ്ലോക്ക് ചെയ്യുകയും അവ തിരികെ നൽകുന്നതിന് നിശ്ചിത തുക ആവശ്യപ്പെടുകയുമാണ് ചെയ്യുന്നത്. സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ വൈറസ് ബാധയിൽ നിന്നും മോചിതമാണ്. സംസ്ഥാനത്തെ ആറ് പഞ്ചായത്തുകളിലെ കമ്പ്യൂട്ടറുകളിൽ ഈ വൈറസിന്റെ ആക്രമണമുണ്ടായിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഐ.ടി. നയം കാരണം വ്യാപകമായ വൈറസ് ബാധ സംസ്ഥാനത്തുണ്ടായിട്ടില്ല. ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടെങ്കിലും അന്താരാഷ്ട്ര തലത്തിലുള്ള തട്ടിപ്പായതിനാൽ കുറ്റവാളികളെ കണ്ടെത്തുന്നതിന് പരിമിതിയുണ്ട്. സർക്കാർ സ്ഥാപനങ്ങളും കമ്പനികളും സുരക്ഷാ മുൻകരുതൽ നടപ്പിലാക്കിയതുവഴി റാൻസം വെയർ വ്യാപിക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ ആവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. സർക്കാർ നയത്തിന്റെ ഭാഗമായി പൊതുമുതലുപയോഗിച്ച് നടപ്പാക്കുന്ന വിവരസാങ്കേതിക സംവിധാനങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം നിർബന്ധമാക്കുന്നതാണ്.

## III സബ്മിഷൻ

### (1) ചാവറ റോഡ് നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കുട്ടനാട് നിയോജക മണ്ഡലത്തിലെ കൈനകരി നിവാസികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് നെടുമുടി-ചാവറ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കണ്ടങ്കരി-നെടുമുടി-കണ്ണാടി റോഡിന്റെ നിർമ്മാണത്തിന് 25 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും എസ്റ്റിമേറ്റ് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ നിരീക്ഷണങ്ങൾക്ക് വിധേയമായി ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പ്രവൃത്തികൾ അറേഞ്ച് ചെയ്ത് സർവ്വേ പൂർത്തീകരിക്കുകയും അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി ജൂൺ 15-നകം പൂർത്തീകരിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മണ്ണുവില

പുതുക്കി നിശ്ചയിക്കാത്തതുകാരണം കുട്ടനാടൻ മേഖലയിലെ മരാമത്തു പണികൾ പൂർണ്ണമായി സ്തംഭനാവസ്ഥയിലാണ്. ഇതുസംബന്ധിച്ച് മന്ത്രിതല ചർച്ച നടത്തി ഉത്തരവിറക്കാൻ നിർദ്ദേശിച്ചെങ്കിലും ബന്ധപ്പെട്ട ഫയൽ പൂഴ്ത്തിവച്ചതായി കണ്ടതിനാൽ നിർമ്മാണ പ്രവർത്തനത്തിലുണ്ടായ സ്തംഭനാവസ്ഥയും കാലതാമസവും സാമ്പത്തിക നഷ്ടവും സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തുന്നതാണ്.

## (2) വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാനത്തെ വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം നടത്തണമെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ നൽകിയ റിട്ട് അപ്പീൽ പിൻവലിക്കുകയോ കാലതാമസമില്ലാതെ അപ്പീലിൽ തീരുമാനമെടുക്കുന്നതിന് എ.ജി.-ക്ക് നിർദ്ദേശം കൊടുക്കുകയോ ചെയ്തുകൊണ്ട് വിവരാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നിയമപരമായ പ്രശ്നങ്ങളാലാണ് വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ

നിയമനം വൈകുന്നത്. വിവരാവകാശ കമ്മീഷണർമാരുടെ തെരഞ്ഞെടുപ്പ് നീതിപൂർവ്വമല്ലെന്നും നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടെന്നും സർക്കാർ വിലയിരുത്തുകയും പാനലിൽപ്പെട്ടവർക്ക് അനുകൂലമായ ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ ഡിവിഷൻ ബെഞ്ചിനെ സമീപിച്ച് ഉത്തരവ് സ്റ്റേ ചെയ്യുകയുമുണ്ടായി. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലുള്ള പ്രസ്തുത കേസിൽ റിട്ട് അപ്പീൽ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ വിവരാവകാശ കമ്മീഷനിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ സാധിക്കുകയുള്ളൂ. എ.ജി.-യുടെ ശ്രദ്ധയിൽപ്പെടുത്തി നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിലുംപെടുത്തുന്നതാണ്.

(3) ധനസഹായം

ശ്രീമതി യു. പ്രതിഭ ഹരി: മന്ത് രോഗബാധിതർക്ക് സൗജന്യ ചികിത്സയും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2020-ഓടെ കേരളത്തിൽ നിന്നും മന്തുരോഗ നിവാരണത്തിനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. മന്ത് രോഗികൾക്കായി

വീടുവീടാന്തരം ആരോഗ്യപ്രവർത്തകർ രാത്രികാല രക്തപരിശോധന നടത്തിവരുന്നു. എല്ലാ താലൂക്കാശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി.-കളിലും മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പെൻഷൻ കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതാണ്.

(4) സ്ഥലം അനുവദിക്കൽ

ശ്രീ. കാരാട്ട് റസാഖ്: കൊടുവള്ളി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കൊടുവള്ളി ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി കിഴക്കോത്ത് വില്ലേജിലെ 5 ഏക്കർ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി തനത് ഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകിയതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കത്ത് പ്രകാരമാണ്. ഭൂമി കൈമാറ്റം സംബന്ധിച്ച ശിപാർശ റവന്യൂ വകുപ്പിന് ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച്

നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(5) ശമ്പള പരിഷ്കരണം

ശ്രീ. എം. രാജഗോപാലൻ: സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ശമ്പളം കാലോചിതമായി പരിഷ്കരിക്കാനും തൊഴിൽ ചൂഷണം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ത്രികക്ഷി സംവിധാനമായ പ്രൈവറ്റ് ഹോസ്പിറ്റൽ മിനിമം വേതന കമ്മിറ്റി മൂന്ന് മാസത്തെ സമയപരിധിക്കുള്ളിൽ നിർദ്ദേശം സമർപ്പിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് 28-10-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ തെളിവെടുപ്പുകൾ നടത്തിയെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാനാവാതെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ

സേവന-വേതന വ്യവസ്ഥകൾ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി വീഴ്ച കൂടാതെ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(6) ഓണറേറിയം വർദ്ധിപ്പിക്കൽ

ശ്രീ. കെ. രാജൻ : കുടുംബശ്രീ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : 12-01-2017-ൽ കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം സി.ഡി.എസ്. അക്കൗണ്ടന്റുമാർ ഉൾപ്പെടെ കുടുംബശ്രീ യൂണിറ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 15 വിഭാഗം ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ടുള്ള പ്രൊപ്പോസൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്. അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(7) അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള പ്രായപരിധി ഉയർത്തൽ

ശ്രീ. ഡി. കെ. മുരളി: ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് അദ്ധ്യാപക

തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഹൈസ്കൂൾ അസിസ്റ്റന്റ്, ഹയർ സെക്കണ്ടറി അദ്ധ്യാപകർ, കോളേജ് അദ്ധ്യാപകർ എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 18 മുതൽ 40 വയസ്സുവരെയാണ്. പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് പ്രായപരിധി നിഷ്കർഷിക്കുന്ന വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഉയർന്ന പ്രായം 2012 ഏപ്രിൽ മുതൽ പൊതുവിൽ ഒരു വർഷം ഉയർത്തി പബ്ലിക് സർവ്വീസ് റൂൾസ് രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തസ്തികകൾക്ക് അപേക്ഷിക്കാനുള്ള നിലവിലുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല.

(8) ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ നിയമനം

ശ്രീ. ടി. വി. ഇബ്രാഹിം: ആർ.എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ, എച്ച്.എസ്.എ, അനുബന്ധ സ്റ്റാഫ് ഉൾപ്പെടെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചാലിയപ്പുറം ഗവൺമെന്റ് യു.പി. സ്കൂൾ ഉൾപ്പെടെ 30 ഗവൺമെന്റ് യു.പി. സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ്

ചെയ്യുന്നതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് 2013-14-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഈ സ്കൂളുകളിലെ ഉയർന്ന ക്ലാസ് 7-ാം ക്ലാസ് ആയതിനാൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരമുള്ള മാനദണ്ഡങ്ങൾവച്ച് ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യാൻ സാധിച്ചില്ല. ടി സ്കൂളുൾപ്പെടെയുള്ള മറ്റ് സ്കൂളുകളെ സർക്കാർ സ്കൂളുകളായി കണക്കാക്കി ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ കെ.ഇ.ആർ. പ്രകാരം നിർണ്ണയിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ചാലിയപ്പുറം ഉൾപ്പെടെയുള്ള 29 സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെയും ഓഫീസ് സ്റ്റാഫിനെയും നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## IV ഗവൺമെന്റ് പ്രമേയം

### ജനിതകമാറ്റം വരുത്തിയ കടുക് വിത്ത്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : 'ജനിതകമാറ്റം വരുത്തിയ കടുക് വിത്തിന്റെ വാണിജ്യാവശ്യത്തിനുള്ള ഉൽപ്പാദനത്തിനും കൃഷിക്കും അനുമതി നൽകുവാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം പിൻവലിക്കണം' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## V റിപ്പോർട്ട് സമർപ്പണം

2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായ പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) സ്വകാര്യ ആശുപത്രികളുടെ ചൂഷണവും യോഗ്യതയില്ലാത്ത ജീവനക്കാരും

(2017 മേയ് മാസം 5-ാം തീയതി ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച പ്രമേയം)

(തുടർ ചർച്ച)

ശ്രീമതി യു. പ്രതിഭ ഹരി: ചികിത്സാ ചെലവ് നിയന്ത്രിക്കുന്നതിനുവേണ്ടി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) ബിൽ കൊണ്ടുവരാനുള്ള സർക്കാർ തീരുമാനം സ്വകാര്യ ആശുപത്രികളുടെ ചൂഷണം തടയാൻ സഹായിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലടക്കം മികച്ച ചികിത്സാ സൗകര്യം ഏർപ്പെടുത്തിയാൽ സ്വകാര്യ ആശുപത്രികളിലെയും മെഡിക്കൽ

കോളേജുകളിലെയും തിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. 'ആർദ്രം മിഷൻ' ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവയവമാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവരുടെ തുടർ ജീവിതത്തിനാവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതിന് നടപടിയുണ്ടാകണം. ആശുപത്രികളെ നിലവാരമുള്ളതാക്കി മാറ്റിയെടുക്കുന്നതിന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സംസ്ഥാനത്തെ ഭൂരിഭാഗം സ്വകാര്യ ലാബുകളും അംഗീകാരവും പശ്ചാത്തല സൗകര്യമില്ലാതെയുമാണ് പ്രവർത്തിക്കുന്നത്. ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരാണ് ചുരുക്കം ചില ലാബുകളിൽ ജോലി ചെയ്യുന്നത്. സ്വകാര്യ ആശുപത്രികളിലേയും ലാബുകളിലേയും പരിശോധനാ നിരക്ക് ഏകീകരിക്കുന്നതിനും നിലവിലുള്ള ലാബുകളെ തരംതിരിച്ച് ഫീസ് ഘടന പരിഷ്കരിക്കുന്നതിനും ആശുപത്രികളിലെ അനാവശ്യ പരിശോധന നിയന്ത്രിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉണ്ടായിരിക്കണം. ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ മരുന്ന് നൽകുന്ന  നടപടി അഭിനന്ദനാർഹമാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയവയുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുകയും സ്വകാര്യ

ആശുപത്രികളുടെ തന്നിഷ്ടപ്രകാരമുള്ള പ്രവർത്തനത്തെ കർശനമായി നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. ഒരേ ചികിത്സയ്ക്ക് വ്യത്യസ്ത ഫീസ് ഈടാക്കുന്ന സ്വകാര്യ ആശുപത്രികളും സംസ്ഥാനത്തുണ്ട്. സർക്കാർ നിഷ്കർഷിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ ആശുപത്രികളിലും ലാബുകളിലും ഒരുക്കേണ്ടതുണ്ട്. പശ്ചാത്തല സൗകര്യമില്ലാത്തതും വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർ ജോലിചെയ്യുന്നതുമായ ലാബുകളെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായി 2017-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) ബിൽ അടുത്ത സഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി തയ്യാറാക്കിയ പ്രാഥമിക മാസ്റ്റർ പ്ലാൻ വിപുലീകരിക്കാനും കിഫ്ബി വഴി ലോൺ ലഭ്യമാക്കാനും ശ്രമിക്കുന്നതാണ്. എച്ച്.ഡി.എസ്. -ൽ 93 ലക്ഷത്തിലധികം രൂപയും ആർ.എസ്.ബി.വൈ. പദ്ധതിയുടെ ഒന്നേകാൽ കോടി രൂപയും ഉപയോഗപ്പെടുത്തി ആശുപത്രിയുടെ ശുചീകരണ പ്രവർത്തനങ്ങളും മറ്റും നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രമേയത്തിന്റെ അന്ത:സത്ത ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടെങ്കിലും ഇതേ ആശയത്തിൽ ഗവൺമെന്റ് ഒരു ഔദ്യോഗിക ബിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നതിനാൽ ഈ പ്രമേയം അംഗീകരിക്കേണ്ടതില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(2) <u>ദേശീയ റബ്ബർ നയം</u>

<u>ശ്രീ. എം. നൗഷാദ്</u>: " വിവിധ വാണിജ്യ കരാറുകൾ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനയിൽ കനത്ത ആഘാതം ഏൽപ്പിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവിനനുസരിച്ച് വില കുറയ്ക്കുകയും എന്നാൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ ടയർ വ്യവസായികളുടെ സംഘം ആഭ്യന്തര വിപണിയിലെ വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉല്പാദനത്തിൽ 12.9 ശതമാനം കുറവുണ്ടായി. വിലസ്ഥിരത ഫണ്ട് അനുവദിച്ചും ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട അടിയന്തര സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉല്പാദന ചെലവ് കണക്കാക്കി റബ്ബറിന്റെ അടിസ്ഥാന വില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: ഓരോ വർഷവും റബ്ബർ കൃഷിയുടെ വ്യാപ്തി വർദ്ധിച്ചുവരുന്നുണ്ടെങ്കിലും 2010-നുശേഷം റബ്ബർ ഉത്പാദനത്തിൽ ഗണ്യമായ കുറവാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിൽ 12 ലക്ഷത്തിലധികം റബ്ബർ കർഷകരും 6 ലക്ഷത്തോളം ടാപ്പിംഗ് തൊഴിലാളികളും 50000-ത്തിലധികം ചെറുകിട കച്ചവടക്കാരുമാണ് ഈ രംഗത്തുള്ളത്. 90 ശതമാനത്തോളവും ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട കർഷകരാണ്. വില കുത്തനെ കുറയുന്നതും വിളവെടുപ്പിന് 8 വർഷത്തോളം വേണമെന്നുള്ളതും മുതൽമുടക്കും പരിചരണവും കൂടുതൽ ആവശ്യമായതും വളത്തിന്റേയും കീടനാശിനികളുടേയും അനുബന്ധച്ചെലവുകളുടെയും വിലവർദ്ധനവുംകാരണം ചെറുകിട കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കാനിടയാകുന്നു. ഒരു കിലോ റബ്ബറിന്റെ ഉത്പാദനച്ചെലവ് 130 രൂപയും ആഭ്യന്തര വിപണി വില 90 മുതൽ 100 രൂപ വരെയുമാണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന റബ്ബറിൽ 50 മുതൽ 60 ശതമാനംവരെ മാത്രമാണ് വ്യവസായികൾ വാങ്ങുന്നത്. രാജ്യത്തെ വ്യവസായങ്ങൾക്കാവശ്യമായ മുഴുവൻ റബ്ബറും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും റബ്ബർ ഇറക്കുമതിയെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. റബ്ബറിന്റെ ഇപ്പോഴത്തെ ഇറക്കുമതി ചുങ്കമായ 25 ശതമാനം വെട്ടിക്കുറയ്ക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. പ്രതിവർഷം 7000 മുതൽ 10000 കോടി രൂപയുടെ റബ്ബറാണ് ഇപ്പോൾ ഇറക്കുമതിചെയ്യുന്നത്.

2001-ലെ ആസിയാൻ കരാർ അനുസരിച്ച് 25 ശതമാനം നികുതി അടച്ചാൽ ലൈസൻസ് ഇല്ലാതെ ആർക്കും റബ്ബർ ഇറക്കുമതിചെയ്യാൻ സാധിക്കുമെന്നതിനാൽ ചുങ്കരഹിതമായ എല്ലാ ഇറക്കുമതികളും അവസാനിപ്പിക്കണം. സമീപകാലത്ത് റബ്ബറിന്റെ രാജ്യാന്തര വില ഉയർന്നിട്ടുണ്ട്. അന്താരാഷ്ട്ര മാർക്കറ്റുമായി ഒരു ബന്ധവുമില്ലാതെ റബ്ബർ ബോർഡ് വില നിശ്ചയിക്കുന്നതിനാൽ വിപണിയിൽ കച്ചവടം നടക്കുന്നില്ല. റബ്ബർ മേഖലയിലെ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണമെന്ന പാർലമെന്ററി സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻ.ഡി.എ. സർക്കാർ ദേശീയ റബ്ബർ നയം ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ആ വാഗ്ദാനം പാലിച്ചിട്ടില്ല. ആവർത്തന കൃഷിക്കുള്ള സബ്സിഡി നിർത്തിവച്ചതിലൂടെ റബ്ബർ ബോർഡിനെ ഇല്ലാതാക്കുന്ന നയങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തെ മൂന്ന് മേഖലാ ഓഫീസുകൾ അടച്ചുപൂട്ടുകയും ഫീൽഡ് ഓഫീസുകൾ പ്രവർത്തനരഹിതമായിരിക്കുകയുമാണ്. റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കണമെന്നും ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്നും അടിയന്തരമായി റബ്ബർ നയം പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ പ്രമേയം സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. "നടപടി

സ്വീകരിക്കണമെന്നും" എന്നതിനുശേഷം "ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കേരളത്തിലെമ്പാടും പ്രവർത്തിക്കുന്ന റബ്ബർ ബോർഡ് ഓഫീസുകൾ നിർത്തലാക്കാൻ ശ്രമിക്കുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. വിവിധ കാർഷിക ബോർഡുകൾ ലയിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ റബ്ബർ ബോർഡ് ഓഫീസുകൾ അടച്ചുപൂട്ടുകയാണ്. തോട്ടവിളയായ റബ്ബറിന്റെ വിലനിയന്ത്രണവും പരിപാലനവും കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ അധീനതയിലാണ്. 2011-ൽ 240 രൂപയുണ്ടായിരുന്ന റബ്ബറിന്റെ ഇപ്പോഴത്തെ വില 110 രൂപയാണ്. ഒരു കിലോ റബ്ബറിന്റെ ഉത്പാദനച്ചെലവ് 160 രൂപയാണ്. ഇൻഡ്യൻ മാർക്കറ്റിൽ റബ്ബർ വാങ്ങാൻ ആളില്ലാത്ത അവസ്ഥയിൽ ഇനിയും റബ്ബറിന്റെ വില ഇടിയുമെന്നാണ് സൂചന. കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ ഉപജീവനത്തിനായി ആശ്രയിക്കുകയും വിലത്തകർച്ച നേരിടുകയും ചെയ്യുന്ന റബ്ബർ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. റബ്ബറിന്റെ ആഭ്യന്തര ഉപയോഗം കുറവായ വിദേശരാജ്യങ്ങൾ കയറ്റുമതി ചെയ്യുന്നതിനുവേണ്ടിയാണ് റബ്ബർ ഉത്പാദിപ്പിക്കുന്നത്. ലോകത്തെ കമ്പോളം കൈപ്പിടിയിലാക്കാൻവേണ്ടിയാണ് അവർ പരിശ്രമിക്കുന്നത്. എന്നാൽ

ഇന്ത്യാ ഗവൺമെന്റ് അത്തരം പരിശ്രമങ്ങളൊന്നും നടത്തുന്നില്ല. കേരളത്തിൽ പാരിസ്ഥിതിക വ്യതിയാനംമൂലമുണ്ടായ പ്രതിസന്ധി കണക്കിലെടുത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശിപാർശയും സഹായവുമാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ടായാൽ കേരളത്തിലെ കടലോര മേഖലകളിൽ റബ്ബർ കൃഷി വ്യാപിപ്പിക്കാൻ സാധിക്കും. ഇതുസംബന്ധിച്ച് പഠിക്കുന്നതിന് ദേശീയതലത്തിൽ 24 അംഗ സമിതി രൂപീകരിച്ചെങ്കിലും ആ സമിതിയിൽ കർഷക സംഘങ്ങളുടെ പ്രതിനിധികളില്ല. കാർഷികോത്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോൾ കർഷകർക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി ഉത്പന്നങ്ങൾ സംഭരിക്കുന്ന നിലപാടാണ് മുമ്പ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നത്. എന്നാൽ ഇന്ന് അത്തരത്തിലുള്ള നിലപാടുകൾ ഉണ്ടാകുന്നില്ല. ദീർഘവീക്ഷണത്തോടെയുള്ള നയം സ്വീകരിക്കാതെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകില്ല.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. വിവിധ വാണിജ്യ കരാറുകൾ റബ്ബർ ഉൾപ്പെടെയുള്ളവയുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സാമ്പത്തിക മേഖലയെ തകർക്കുകയാണ്. വിലത്തകർച്ച നേരിടുന്ന കർഷകരെ സംരക്ഷിക്കാൻ പ്രസ്തുത കാർഷികോത്പന്നങ്ങൾക്ക് സേഫ് ഗാർഡ്

ഡ്യൂട്ടി ചുമത്തുന്നതിനുള്ള അധികാരം അതാത് രാജ്യങ്ങൾക്കാണ്. കേന്ദ്ര സർക്കാർ തുടർന്നുവരുന്ന കർഷകദ്രോഹ നയങ്ങളുടെ ഉദാഹരണമാണ് റബ്ബർ ബോർഡിന്റെ കേരളത്തിലെ മേഖലാ ഓഫീസുകൾ അടച്ചുപൂട്ടുന്നതിനുള്ള തീരുമാനം. 1947-ലെ റബ്ബർ ആക്ട് ഇല്ലാതാക്കി വിവിധ ബോർഡുകൾ ചേർന്ന പ്ലാന്റേഷൻ എക്സ്പോർട്ട് ഏജൻസിയിൽ റബ്ബർ ബോർഡിനെ ലയിപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. റബ്ബറിന് വിലസ്ഥിരതാ പദ്ധതി നടപ്പാക്കാനും താങ്ങുവില 200 രൂപയായി വർദ്ധിപ്പിക്കാനും സർക്കാർ തയ്യാറാകണം. റോഡ് ടാറിംഗിന് റബ്ബർ ബിറ്റുമിൻ ഉപയോഗിക്കുന്നത് ഈ മേഖലയെ കുറച്ചെങ്കിലും സഹായിക്കാൻ സാധിക്കും. റബ്ബർ കർഷകരെ സംരക്ഷിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം.

ശ്രീ. ടി. വി. ഇബ്രാഹിം: പ്രമേയത്തിന്റെ പൊതുവികാരത്തോട് യോജിക്കുന്നു. ആസിയാൻ കരാർ പ്രകാരം ചുമത്താവുന്ന ഇറക്കുമതിച്ചുങ്കം ചുമത്തിക്കഴിഞ്ഞു. സേഫ് ഗാർഡ് ഡ്യൂട്ടി ചുമത്തണമെന്നത് പൊതു ആവശ്യമായി ഉയർന്നുവരണം. റബ്ബർ ബോർഡിന്റെ മേഖലാ ഓഫീസുകൾ പൂട്ടുകയും കർഷകരുടെ സബ്സിഡി ഓരോ ബഡ്ജറ്റിലും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. റബ്ബർ മേഖലയെ വാണിജ്യ മന്ത്രാലയത്തിന്റെ കീഴിൽനിന്ന് കൃഷി മന്ത്രാലയത്തിന്റെ കീഴിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമോയെന്ന് പരിശോധിക്കണം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ റബ്ബർ കർഷകരെ രക്ഷിക്കാനായി ജൂലൈ മാസത്തിൽ ഹൈദരാബാദിൽ വച്ച് ആസിയാൻ രാജ്യങ്ങളുടെ യോഗം ചേരുന്നുണ്ട്. ആർ.സി.ഇ.പി. തീരുമാനം പ്രാബല്യത്തിൽ വരുന്നതോടുകൂടി റബ്ബർ, കുരുമുളക്, ജാതി എന്നിവ ഏത് രാജ്യങ്ങളിലും ഉത്പാദിപ്പിക്കാനും കേരളത്തിൽ വിറ്റഴിക്കാനുമുള്ള അവസരമാണ് ഉണ്ടാകുന്നത്. റബ്ബർ അധിഷ്ഠിത വ്യവസായികളിൽനിന്നും ടാക്സ് ഈടാക്കി കർഷകർക്ക് നൽകാനുള്ള നടപടിയെടുക്കണം. കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കണം.

<u>ഡോ. എൻ. ജയരാജ്</u>: വില സ്ഥിരതാ ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ റബ്ബർ കർഷകരെ സഹായിക്കുന്ന നിലപാടാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. ഇറക്കുമതിമൂലം രാജ്യത്തെ ഏതെങ്കിലും കാർഷിക മേഖലയിൽ നഷ്ടമുണ്ടായാൽ പ്രസ്തുത മേഖലയെ സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സംരക്ഷിത ചുങ്കം ഏർപ്പെടുത്തണം. കഴിഞ്ഞ ജനുവരി മാസത്തിനുശേഷം കൃഷിക്കാർക്ക് വിലസ്ഥിരതാ ഫണ്ട് നൽകിയിട്ടില്ല. ഈ വിഷയങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാര്യക്ഷമമായ ഇടപെടൽ നടത്തിക്കൊണ്ട് റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): കാർഷിക മേഖലയിൽ

ഏറ്റവുമധികം സംഭാവന നൽകുന്ന ഒന്നാണ് റബ്ബർ കൃഷി. ഇന്ത്യയിലെ റബ്ബറിന്റെ തൊണ്ണൂറ് ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. വിലത്തകർച്ചമൂലം റബ്ബർ മേഖലയിൽ നിന്ന് കൃഷിക്കാർ പിന്മാറുന്നതുൾപ്പെടെയുള്ള ഗുരുതര പ്രശ്നങ്ങളാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്. ഈ വർഷം റബ്ബർ ഉത്പാദനത്തിൽ 23 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് റബ്ബർ ബോർഡ് അവകാശപ്പെടുന്നത്. റബ്ബർ ബോർഡുമായി രണ്ട് തവണ സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലാദ്യമായി റബ്ബർ കർഷകർക്കുള്ള ഇടവിള കൃഷിയിൽ കേന്ദ്ര കൃഷി വകുപ്പ് ഇടപെടുകയും അഞ്ചരക്കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഫെബ്രുവരിക്കുശേഷം സമർപ്പിച്ച ബില്ലുകളിൽ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ത്വരിതപ്പെടുത്തുകയും റബ്ബർ ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ സാധിക്കുന്ന അഗ്രോപാർക്കുകൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. റബ്ബറിന്റെ വില ക്വിന്റലിന് 24569 രൂപയിൽ നിന്ന് 12900 രൂപയായി കുറഞ്ഞു. സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം റബ്ബർ അധിഷ്ഠിത വ്യവസായത്തെയും വാഹന നിർമ്മാണ വ്യവസായത്തെയും ആശ്രയിച്ചാണ് നിശ്ചയിക്കപ്പെടുന്നത്. ഇന്ത്യയിലെ സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിപണി വിലയേക്കാൾ കുറവാണ്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയണമെന്നും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കൂട്ടണമെന്നും കയറ്റുമതി സബ്സിഡി അനുവദിക്കണമെന്നും താങ്ങുവില പ്രഖ്യാപിക്കണമെന്നുമുള്ള ആവശ്യങ്ങളടങ്ങുന്ന നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016 ജനുവരി 21 മുതൽ മാർച്ച് 31 വരെ ഇറക്കുമതി താൽക്കാലികമായി തടയുകയും 2015 ജനുവരി 9 മുതൽ സ്വാഭാവിക റബ്ബറിന്റെ എക്സ്പോർട്ട് ഓഫ് ഒബ്ലിഗേഷൻ പീരിയഡ് ആറ് മാസത്തേയ്ക്കായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ച നിർദ്ദേശത്തിൽ കേന്ദ്ര സർക്കാരിൽനിന്ന് അനുകൂല പ്രതികരണമുണ്ടാകുകയും ബിറ്റുമിൻ റോഡിന് പതിനഞ്ച് ശതമാനം മുതൽ ഇരുപത് ശതമാനം വരെ അധിക ചെലവ് വരുമെന്നതിനാൽ ഇതിന്റെ പ്രായോഗികത പരിശോധിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തോട് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. റബ്ബർ കർഷകന് ന്യായവില ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിനാൽ കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ സ്കീമിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിൽ അഞ്ഞൂറ് കോടി രൂപ

വകയിരുത്തുകയും അതിൽ 451.46 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള റബ്ബർ ബോർഡിന് ആസ്ഥാന ഓഫീസ് കൂടാതെ 26 റീജിയണൽ ഓഫീസുകളും 140 ഫീൽഡ് ഓഫീസുകളുമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. റബ്ബർ ബോർഡ് ചില റീജിയണൽ ഓഫീസുകൾ അടച്ചുപൂട്ടിയതുമായി ബന്ധപ്പെട്ട് സർവ്വകക്ഷി സംഘത്തെ അയച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പ്രമേയത്തിന്റെ അന്ത:സത്തയെ ഗവൺമെന്റ് പൂർണ്ണമായും അംഗീകരിക്കുന്നു. ഇത് ഔദ്യോഗിക പ്രമേയമായി അവതരിപ്പിക്കുമെന്നുള്ളതിനാൽ ഈ പ്രമേയത്തിന് അംഗീകാരം നൽകേണ്ടതില്ല.

ഭേദഗതി സഭ നിരാകരിച്ചു.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(3) ഐ.ടി. മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. എസ്. ശബരീനാഥൻ: "ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും തൊഴിൽ സാദ്ധ്യതാ കുറവും ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതുകൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി.

മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: ഇന്ന് പത്ത് ലക്ഷത്തോളം മലയാളികൾ ഇന്ത്യയ്ക്കകത്തും പുറത്തും ഐ.ടി. മേഖലയിൽ ജോലി ചെയ്യുകയാണ്. അതിൽ പല കമ്പനികളും ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. മൂന്ന് വർഷം കൊണ്ട് ഏകദേശം ആറ് ലക്ഷം ആളുകൾക്ക് തൊഴിലവസരം നഷ്ടപ്പെടുമെന്നാണ് കണക്കാക്കപ്പെടുന്നത്. കമ്പനിയിലെ ബിസിനസ് യൂണിറ്റിന്റെ പ്രോഫിറ്റും ടാർജറ്റും കുറയുകയാണെന്ന കാരണത്താൽ ജീവനക്കാരെ പുറത്താക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. നിയമങ്ങളുടെ അവ്യക്തത കാരണമാണ് ഇത്തരം പ്രശ്നങ്ങൾ സംഭവിക്കുന്നത്. അഭ്യസ്തവിദ്യരും ചെറുപ്പക്കാരുമായ ഇവരുടെ പെർഫോർമൻസ് മെഷർ ചെയ്യുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് മുൻകൂട്ടി അറിയാനുള്ള അവകാശം ഓരോ തൊഴിലാളിക്കുമുണ്ട്. കമ്പനികൾ ലാഭത്തിലാണെങ്കിലും പെർഫോർമൻസ് മോശമാണെന്ന് പറഞ്ഞ് പിരിച്ചുവിടുന്നത് പരിഷ്കൃത സമൂഹത്തിന്

യോജിച്ച നടപടിയല്ല. വ്യക്തികളെ കൂട്ടത്തോടെ റീടെഞ്ച് ചെയ്യുന്ന ദുരവസ്ഥ മാറണമെങ്കിൽ അതിനനുയോജ്യമായ നിയമം കൊണ്ടുവരുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

*****